(സി) ഇപ്പോഴുള്ള ട്രാൻസ്ഫോർമറിനു തകരാറുകളൊന്നും ഇല്ലാത്തതിനാൽ മാറി വയ്ക്കേണ്ട ആവശ്യമില്ല. ഭാവിയിൽ സമീപ പ്രദേശങ്ങളിലെ വൈദ്യുതി ആവശ്യം വർദ്ധിച്ചുവരുന്ന മുറയ്ക്കു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതാണ്.

കപ്പാസിറർ ഘടിപ്പിക്കണമെന്ന വ്യവസ്ഥ

486. [684] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷികാവശ്യങ്ങൾക്കായി മോട്ടോർ കണക്ഷൻ ലഭിച്ചിട്ടുള്ളവർ കപ്പാസിറർ ഘടിപ്പിക്കണമെന്നുള്ള ബോർഡിന്റെ ഉത്തരവ് കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പിൻവലിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

വൈദ്യുതി പ്രസരണശൃംഖലയിലെ വോൾട്ടേജ് കുറവ് പരിഹരിക്കുക, ഊർജ്ജ നഷ്ടം ഒരു പരിധിവരെ കുറക്കുക എന്നീ ആവശ്യങ്ങൾക്കു വേണ്ടിയാണ് മോട്ടോർ ഉപയോഗിക്കുന്ന കാർഷിക ഉപഭോക്താക്കൾ കപ്പാസിറർ ഘടിപ്പിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയത്. ഇതു വൈദ്യുത പ്രസരണ ശൃംഖലയെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നമാകയാൽ കൂടുതൽ പരിശോധനക്കു ശേഷമേ ഇതെപ്പറ്റി എന്തെങ്കിലും പറയുവാൻ കഴിയൂ.

Staff Sanctioned in Uppala Major Section

487. [685] **Dr. A. Subha Rao :** Will the Minister for Finance and law be pleased to State :

(a) The number of Staff Sanctioned in Uppala Major Section and which are the posts Sanctioned ;

(b) The number of vacancies excisting at present in the Uppala Major Section ;

(c) What are the steps taken to fill up the vacancies ?

Answer

(a) 58

Assistant Executive Engineer	..1
Assistant Engineer	..1
Senior Superintendent	..1
Junior Superintendent	..1
Junior Engineer	..1
First Grade Overseer	..2
Senior Assistant	..6
Cashier	..5
Office Attendant	..1
Second Grade Overseer/Linemen	..10
Senior Assistant Linemen/Assistant Linemen	..23
Electricity Worker	..6

(b) 25

LIBRARY ARCHIVES Kerala Legislative Assembly